പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3296 13.03.2017 -ൽ മറുപടിക്ക്

## കാസർഗോഡ് ചന്ദ്രഗിരി കോട്ട

ചോദ്യം

ശ്രീ.കെ.കുഞ്ഞിരാമൻ

ഉത്തരം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( ബഹു.തുറമുഖവും പുരാവസ്തു സംരക്ഷണവും
മ്യൂസിയവും പുരാരേഖയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ചന്ദ്രഗിരി കോട്ടയുടെ ഭാഗമായി പുരാവസ്തു വകുപ്പിന്റെ കൈവശം എത്ര ഏക്കർ സ്ഥലമാണുണ്ടായിരുന്നത്; ആയത് അത്ര തന്നെ ഇപ്പോഴും നിലവിലുണ്ടോ ; | (എ) | കാസർഗോഡ് ചന്ദ്രഗിരി കോട്ടയുടെ ഭാഗമായി 7.76 ഏക്കർ സ്ഥലമുണ്ട്. ആയത് ഇപ്പോഴും നിലവിലുണ്ട്. |
| (ബി) | ഈ കോട്ടയുടെ അറ്റകുറ്റപ്പണികൾക്കായി കഴിഞ്ഞ മൂന്ന് വർഷത്തിനിടെ എത്ര തുക അനുവദിച്ചിട്ടുണ്ട്; ഈ തുക ഇവിടെ ചെലവഴിച്ചിട്ടുണ്ടോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ 3,00,000/- (മൂന്ന് ലക്ഷം) രൂപയുടെ രാസസംരക്ഷണ പ്രവർത്തികളും കൂടാതെ സ്ട്രക്ചറൽ കൺസർവേഷൻ പ്രവർത്തികളും നടത്തിയിട്ടുണ്ട്. |
| (സി) | ഈ കോട്ട സന്ദർശിക്കുന്നവരിൽ നിന്നും പുരാവസ്തു വകുപ്പ് ഫീസ് ഈടാക്കുന്നുണ്ടോ; വിശാദംശങ്ങൾ അറിയിക്കാമോ ; | (സി) | ഇല്ല. |
| (ഡി) | വളരെ മനോഹരമായ ഈ കോട്ട നല്ല നിലയിൽ സംരക്ഷിച്ച് സന്ദർശകരിൽ നിന്ന് ചെറിയ ഫീസ് ഈടാക്കി ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ? | (ഡി) | പരിഗണനയിലുണ്ട്. 2017-18 ലെ Plan Preparation Group-ൽ ചന്ദ്രഗിരി ക്കോട്ടയുടെ ഒന്നാംഘട്ട പുനരുദ്ധാരണ ത്തിനായി 80 ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ അംഗീകരിച്ച് 2017-18 സാമ്പത്തിക വർഷത്തിലെ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ